**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3215** **25-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം താലൂക്കിലെ അൺ എയ്ഡഡ് ഹയർസെക്കൻഡറി വിദ്യാലയങ്ങളും കോഴ്സുകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം താലൂക്കിലെ അൺ എയ്ഡഡ് ഹയർസെക്കൻഡറി വിദ്യാലയങ്ങൾ ഏതൊക്കെയാണെന്നും ഇവയിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത് എന്നും വിശദമാക്കുമോ; | (എ) | ക്രസന്റ് എഡ്യൂക്കേഷൻ ട്രസ്റ്റ് ഹയർ സെക്കന്ററി സ്കൂൾ, കാസർഗോഡ്. ബയോളജി സയൻസ് (കോഴ്സ് കോഡ്-1), ഹ്യൂമാനിറ്റീസ് (കോഴ്സ് കോഡ്-11), കൊമേഴ്സ് (കോഴ്സ് കോഡ്-38) |
| (ബി) | അനാഥ- അഗതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യത്തോടെ സൗജന്യ വിദ്യാഭ്യാസം നൽകുന്ന മുഹിമ്മാത്ത് ഹയർസെക്കൻഡറി സ്കൂളിൽ ഹയർസെക്കൻഡറി തലത്തിൽ പുതിയ കോഴ്സും അഡീഷണൽ ബാച്ചും അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനത്തിന്റെ അധികൃതർ സർക്കാരിന് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടികളാണ് സർക്കാർ കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | മുഹിമ്മാത്ത് ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി തലത്തിൽ പുതിയ കോഴ്സും അധിക ബാച്ചും അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ03.09.2021-ന് റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2021-22 അധ്യയന വർഷം പുതിയ സ്കൂളുകൾ/അധിക ബാച്ചുകൾ സർക്കാർ/ എയ്ഡഡ് മേഖലയിൽ അനുവദിക്കേണ്ടതില്ലായെന്ന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് മേഖലയിൽ പുതിയ ബാച്ചുകൾ അനുവദി ക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (സി) | മേൽ സ്ഥാപനത്തിൽ താമസിച്ച് വരുന്ന വിദ്യാർഥികൾ ഇവിടെ മതിയായ പ്ലസ് വൺ സീറ്റുകൾ ഇല്ലാത്തതിനാൽ കിലോമീറ്ററുകൾ സഞ്ചരിച്ച് പ്ലസ് ടൂ പഠനത്തിന് പോകേണ്ടി വരുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മുഹിമ്മാത്ത് ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി തലത്തിൽ പുതിയ കോഴ്സും അധിക ബാച്ചും അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ03.09.2021-ന് റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2021-22 അധ്യയന വർഷം പുതിയ സ്കൂളുകൾ/അധിക ബാച്ചുകൾ സർക്കാർ/ എയ്ഡഡ് മേഖലയിൽ അനുവദിക്കേണ്ടതില്ലായെന്ന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് മേഖലയിൽ പുതിയ ബാച്ചുകൾ അനുവദി ക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകളും അഡീഷണൽ ബാച്ചുകളും ഈ വർഷം | (ഡി) | മുഹിമ്മാത്ത് ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി തലത്തിൽ പുതിയ കോഴ്സും അധിക |

| | | | |
|---|---|---|---|
| | അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | | ബാച്ചും അനുവദിക്കുന്നത് സംബന്ധിച്ച അപേക്ഷ03.09.2021-ന് റിപ്പോർട്ടിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. 2021-22 അധ്യയന വർഷം പുതിയ സ്കൂളുകൾ/അധിക ബാച്ചുകൾ സർക്കാർ/ എയ്ഡഡ് മേഖലയിൽ അനുവദിക്കേണ്ടതില്ലായെന്ന് ഇതിനകം തീരുമാനിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് മേഖലയിൽ പുതിയ ബാച്ചുകൾ അനുവദി ക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ